ഹൈക്കോടതി പറഞ്ഞു. എനിക്ക് ബഹുമാനപ്പെട്ട മെമ്പറോട് പറയാനുള്ളത്. ഇപ്പോൾ ഓഫീസ് കെട്ടിടങ്ങളുടെ പണിയാണ് പൂർത്തീകരിച്ചിട്ടുള്ളത്. ഗാരേജിനോ വണ്ടി ഇടുന്നതിനോ മെയിന്റനൻസിനോ യാതൊരു പണിയും നടത്തിയിട്ടില്ല. ബസ് സ്റ്റേഷൻ തുടങ്ങുന്നതിന് പഞ്ചായത്തു സമ്മതിച്ചിട്ടുള്ള സ്ഥലവും ആവശ്യമായ ഗാരേജ്, ഓഫീസ് കെട്ടിടങ്ങൾ എന്നിവയുടെ പണിയും പൂർത്തിയാക്കി കോർപ്പറേഷനു കരാറനുസരിച്ച് നൽകിയാൽ തീർച്ചയായും പരിഗണിക്കുന്നതാണ്.

(6) സാമൂഹ്യക്ഷേമ വകുപ്പിന്റെ 77/04-ാം നമ്പർ ഉത്തരവ് പിൻവലിക്കൽ

ശ്രീ. എ. പി. അനിൽ കുമാർ: കേരളത്തിലെ അംഗനവാടികളിൽ ആയിരക്കണക്കിന് ആളുകൾ ജോലി ചെയ്യുന്നുണ്ട്. വളരെ ചെറിയ ഒരു വേതനം മാത്രമാണ് അവർക്ക് ലഭിക്കുന്നത്. മുന്നൂറ് രൂപ മുതൽ 1200 രൂപ വരെയയാണ് അവർക്ക് വേതനം ലഭിക്കുന്നത്. ഇന്ന് നാട്ടിൽ എന്തു പ്രശ്നമായാലും, പൾസ് പോളിയോ ആയാലും ഗ്രാമസഭ വിളിച്ചു കൂട്ടുന്ന കാര്യമായാലും, നാട്ടിൽ ഏത് സർവ്വേ ഉണ്ടായാലും ഇതിനൊക്കെ പ്രധാന പങ്കു വഹിക്കുന്നത് അംഗനവാടി ജീവനക്കാരാണ്. ഈ അംഗനവാടി ജീവനക്കാർക്ക് എതിരായി കഴിഞ്ഞ മാർച്ച് മാസത്തിൽ സാമൂഹ്യക്ഷേമ വകുപ്പ് ഒരു ഉത്തരവിറക്കിയിട്ടുണ്ട്. അംഗനവാടി ജീവനക്കാരിൽ പലരും ഇന്ന് ത്രിതല പഞ്ചായത്തുകളിൽ അംഗങ്ങളാണ്. ത്രിതല പഞ്ചായത്തുകളിൽ (ഗ്രാമപഞ്ചായത്തുകളിലും ബ്ലോക്ക് പഞ്ചായത്തുകളിലും) അംഗങ്ങളാണ് അംഗനവാടി ജീവനക്കാരിൽ പലരും. സാമൂഹ്യ ക്ഷേമ വകുപ്പ് ഇക്കഴിഞ്ഞ മാർച്ച് മാസത്തിൽ ഇറക്കിയ ഉത്തരവിൽ ത്രിതല പഞ്ചായത്തിൽ അംഗങ്ങളായിട്ടുള്ള അംഗൻവാടി ജീവനക്കാർ ശൂന്യ വേതന അവധി എടുക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. എയ്ഡഡ് സ്കൂളിൽ ആയിരക്കണക്കിന് രൂപ ശമ്പളം വാങ്ങുന്ന ആളുകൾക്ക് ത്രിതല പഞ്ചായത്തിൽ നിന്ന് ശമ്പളം വാങ്ങാൻ കഴിയും. കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങളിൽ ജീവനക്കാർ ആയിട്ടുള്ള ആളുകൾക്ക് ത്രിതല പഞ്ചായത്തുകളിൽ നിന്ന് ശമ്പളം വാങ്ങുന്നതിനുള്ള സൗകര്യമുണ്ട്. കേവലം ആയിരവും ആയിരത്തി ഇരുന്നൂറും രൂപ ശമ്പളം/ഓണറേറിയം വാങ്ങുന്ന പാവപ്പെട്ട ജീവനക്കാർ ശൂന്യ വേതന അവധി എടുക്കണം. ത്രിതല പഞ്ചായത്തിൽ അംഗങ്ങളായിട്ടുള്ള ആളുകൾ എന്നുള്ള ഉത്തരവ്, സത്യം പറഞ്ഞാൽ പിച്ചച്ചട്ടിയിൽ കയ്യിട്ടു വാരുന്നതിനു തുല്യമാണ്. പാവപ്പെട്ടവരോട് ഈ സമീപനം പാടില്ല. തീർച്ചയായിട്ടും ഈ ഗവൺമെന്റിന് ഒരു മാനുഷിക മുഖമുണ്ട്. അവരെ കരയാനിനി അനുവദിക്കരുത്. ദയവായി ആ ഉത്തരവ് പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): അവർക്ക് വളരെ കുറഞ്ഞ വേതനമേ കിട്ടുന്നുള്ളൂ. ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെടുന്ന ഈ ഉത്തരവ് ഗവൺമെന്റ് പുനഃപരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly